# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4807**

**05-02-2014 ൽ മറുപടിയ്ക്ക്**

## തരിശ് നെൽപാടങ്ങൾ കൃഷിയോഗ്യമാക്കാൻ പ്രോത്സാഹനം

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്
ശ്രീ.തോമസ് ഉണ്ണിയാടൻ
ശ്രീ.റ്റി.യു.കുരുവിള
ശ്രീ.സി.എഫ്.തോമസ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽപ്പാടങ്ങൾ തരിശ് കിടക്കുന്നത് കൃഷി യോഗ്യമാക്കുന്നതിലേക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് തരിശ്ശ കിടക്കുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 2013-14 വർഷം 14 ജില്ലകളിൽ ഒന്നാം വർഷം 1386 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30,000/- രൂപ സബ്സിഡി നിരക്കിൽ 415.8 ലക്ഷം രൂപയും രണ്ടാം വർഷം 1005.38 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 15,000/- രൂപ സബ്സിഡി നിരക്കിൽ 150.8075 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 250 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30,000/- രൂപ സബ്സിഡി നിരക്കിൽ 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് തരിശ്ശകിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിലേക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പച്ചക്കറി സെല്ലിൻ കീഴിൽ പച്ചക്കറി വികസന പദ്ധതി, തരിശ്ശരഹിത കേരളം പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിലേക്ക് വാട്ടറിംഗ്, ഡി-വാട്ടറിംഗ് എന്നിവയ്ക്ക് മോട്ടോർ പ്രവർത്തിപ്പിക്കുവാൻ കർഷകർക്ക് സൗജന്യ മായി വൈദ്യുതി നല്കുന്നത് ഉൾപ്പെടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുവാൻ കൂടുതൽ ആനുകൂല്യങ്ങൾ നല്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം 01/08/1995 മുതൽ നെൽകൃഷിക്ക് കൃഷിഭൂമി വിസ്തൃതി പരിധിയില്ലാതെ പൂർണ്ണമായി വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ